കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം-കുറ്റ്യാടി നിയോജകമണ്ഡലം-മണിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം പുനരുദ്ധാരണം (അഡീഷണൽ കെട്ടിട നിർമ്മാണം)-മണിയൂർ പഞ്ചായത്ത് നിർമ്മാണം-ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2629 /17/തസ്വഭവ തിരുവനന്തപുരം, തീയതി, 28.07.2017

---

വായന- 1) 6/11/2012 സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 19/05/2017 ലെ ഡി.ബി4-/6619/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കുറ്റ്യാടി നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.പാറക്കൽ അബ്ദുല്ല എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project ID:1079,മണിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം പുനരുദ്ധാരണം (അഡീഷണൽ കെട്ടിട നിർമ്മാണം)-മണിയൂർ പഞ്ചായത്ത് എന്ന പ്രവൃത്തിയ്ക്ക് ULCCS മുഖേന നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 32,00,000/- രൂപയ്ക്ക് (മുപ്പത്തി രണ്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്തു പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കുറ്റ്യാടി നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.പാറക്കൽ അബ്ദുല്ല എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും Project ID:1079,മണിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം പുനരുദ്ധാരണം (അഡീഷണൽ കെട്ടിട നിർമ്മാണം)-മണിയൂർ പഞ്ചായത്ത് എന്ന പ്രവൃത്തി ULCCS മുഖേന നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 32,00,000/- രൂപയിൽ 25,25,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. അധികരിച്ചു വന്ന 6.75 ലക്ഷം രൂപ പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

3) ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

ഡയറക്ടർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, മണിയൂർ ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് (അ.നം.372/എൻ.സി.സി.1/17/ധന തീ.17/06/17)

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/278/2017/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ